പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1253 06/02/2020 മറുപടിയ്ക്ക്

# റോഷ്നി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പാക്കി വരുന്ന റോഷ്നി പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് റോഷ്നി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ? | (ബി) എറണാകുളം ജില്ലയിൽ ജില്ലാ ഭരണകൂടം, വിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ അഭിയാൻ, എന്നിവ സംയുക്തമായി കൊച്ചി ബി.പി.സി.എൽ ന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ സ്കൂളിൽ എത്തിക്കുക, അവരുടെ കൊഴിഞ്ഞുപോക്ക് തടയുക, അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, കുട്ടികളുടെ മാതൃഭാഷയിലുള്ള വാളന്റിയർ മാരെ സ്കൂളുകളിൽ നിയോഗിച്ച് ഭാഷാ മൂല്യമുള്ള പരിമിതികൾ മറികടക്കുക എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ചെയ്തുവരുന്നു. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നുണ്ട്. കുട്ടികളുടെ കലാപരമായ വാസനകളെ പരിപോഷിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. 2017 ൽ 4 സ്കൂളുകളിൽ മാത്രം ആരംഭിച്ച ഈ പദ്ധതിയിൽ നിലവിൽ 50 സ്കൂളുകളിലെ 2000 ൽ പരം കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ